വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, തൃശ്ശൂർ, മാവേലിക്കര ഫൈൻ ആർട്സ് കോളേജുകളിൽ ഒഴിവുള്ള പ്രൊഫസർ, ലക്ച്ചറർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ 30-11-2010-ൽ സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പരിശോധിച്ച് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(16) ഒറ്റപ്പാലം താലൂക്കിലെ റേഷൻകാർഡ് വിതരണം

ശ്രീ. ടി. പി. കുഞ്ഞുണ്ണി : സർ, ഒറ്റപ്പാലം താലൂക്കിലെ റേഷൻകാർഡ് വിതരണം ഇതുവരെ പൂർത്തിയായിട്ടില്ല. രണ്ടുമൂന്ന് വർഷം മുമ്പ് റേഷൻകാർഡ് പുതുക്കുന്നതിനുവേണ്ടി അപേക്ഷ കൊടുത്ത പലർക്കും ഇപ്പോഴും റേഷൻകാർഡ് കിട്ടാത്ത സ്ഥിതിയുണ്ട്. റേഷൻകാർഡ് പുതുക്കുന്നതിനു വേണ്ടി കൊടുത്ത അപേക്ഷകൾ ഭാരതപ്പുഴയിൽ ഒഴുകിപ്പോയിയെന്ന് പരാതി ഉണ്ടായ താലൂക്ക് സപ്ലൈ ഓഫീസാണ് ഒറ്റപ്പാലം. അവിടെ പുതിയ കാർഡിന് അപേക്ഷ കൊടുത്തവരുടേയും കാർഡിൽ പേര് ചേർക്കുന്നതിന് കൊടുത്ത അപേക്ഷകളും ഇപ്പോഴും നൂറുകണക്കിന് പെന്റിംഗിൽ ഇരിക്കുകയാണ്. അന്വേഷിച്ചപ്പോൾ ഡിസംബർ മാസം 30-ാം തീയതി, അതായത്, നാളെ കാർഡ് കൊടുക്കുന്ന നടപടി പൂർത്തീകരിക്കുമെന്നാണ് പറയുന്നത്. ഞാൻ ഇന്നലെയും സപ്ലൈ ഓഫീസുമായി ബന്ധപ്പെട്ടിരുന്നു. നാളത്തോടുകൂടി അത് പൂർത്തീകരിക്കാൻ ഒരു നടപടിയും ഒറ്റപ്പാലം താലൂക്കിനെ സംബന്ധിച്ച് ഉണ്ടാവുകയില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് 32 ഗ്രാമപഞ്ചായത്തുകളുള്ള ഒറ്റപ്പാലം താലൂക്കിൽ ഒരു പ്രത്യേക അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി രണ്ടോ മൂന്നോ ആഴ്ചയ്ക്കുള്ളിൽ മുഴുവൻ അപേക്ഷകർക്കും റേഷൻകാർഡ് കൊടുക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ഒറ്റപ്പാലം താലൂക്കിലെ റേഷൻ കാർഡുകൾ പുതുക്കി നൽകുന്നില്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതനുസരിച്ച് അവശേഷിക്കുന്ന അപേക്ഷകളിന്മേൽ തീരുമാനമെടുത്ത് സമയബന്ധിതമായി വിതരണം ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സർക്കാരിന്റെ പ്രത്യേക പരിഗണന ഇക്കാര്യത്തിൽ ഒറ്റപ്പാലം താലൂക്കിന് ഉണ്ടാകുമെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്.

(17) സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ തസ്തിക പുനർനിർണ്ണയിക്കാൻ നടപടി

ശ്രീ. എം. മുരളി : സർ, നമ്മുടെ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളിൽ 84% കോളേജുകളും സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. 1997-ൽ പ്രീഡിഗ്രി വേർപ്പെടുത്തുന്നതുവരെ ഗവൺമെന്റ് കോളേജുകളിലേയും സ്വകാര്യ കോളേജുകളിലേയും അനദ്ധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ തുല്യമായിരുന്നു. 1997-ൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതോടെ ആ പാരിറ്റി നഷ്ടപ്പെട്ടിരിക്കുകയാണ്. സ്കാവഞ്ചർ/വാച്ച്മാൻ

LIBRARY ARCHIVES Kerala Legislative Assembly

തസ്തിക 1997 വരെ ഉണ്ടായിരുന്നത് പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്തതോടെ സ്വകാര്യ കോളേജുകളിൽ ഇല്ലാതായി. എന്നാൽ ആ തസ്തിക ഗവൺമെന്റ് കോളേജുകളിൽ ഇപ്പോഴുമുണ്ട്. ഫസ്റ്റ് ഗ്രേഡ് കോളേജുകളിലെ ഫോർത്ത് ഗ്രേഡ് ലൈബ്രേറിയൻ തസ്തികയുമെടുത്തു കളഞ്ഞു. അതുപോലെതന്നെ ലാബ് അസിസ്റ്റന്റുമാരുടേയും ലൈബ്രറി അസിസ്റ്റന്റുമാരുടേയും തസ്തിക 1997-നുശേഷം സ്വകാര്യ കോളേജുകളിൽ ഭാഗികമായി വെട്ടിക്കുറച്ചു. എന്നാൽ ഗവൺമെന്റ് കോളേജുകളിൽ അതേപടി തുടരുകയാണ്. ഈ പാരിറ്റി 1997-നു മുമ്പുള്ളതുപോലെ പുനഃസ്ഥാപിക്കണം. അതുപോലെ, 1997-ൽ പ്രീ-ഡിഗ്രി ഡീലിങ്ക് ചെയ്തതു മുതൽ സ്വകാര്യ കോളേജുകളിൽ നടത്തിയ അദ്ധ്യാപക നിയമനത്തിന് കഴിഞ്ഞ ആഴ്ചകളിൽ സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകി. എന്നാൽ അനദ്ധ്യാപകരുടെ ഒരു തസ്തിക പോലും സൃഷ്ടിച്ചിട്ടില്ല. അതിനാൽ ജോലിഭാരം വർദ്ധിക്കുന്നു. സർവ്വകലാശാലകളിൽ ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതോടെ 6 മാസത്തിലൊരിക്കൽ പരീക്ഷ നടത്തിക്കുന്നതിന്റെ പ്രധാന ഉത്തരവാദിത്വം അനദ്ധ്യാപകരുടേതാണ്. അതുകൊണ്ട് സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപകരുടെ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് ഗവൺമെന്റ് കോളേജുകൾക്ക് തുല്യമായ പാരിറ്റി നടപ്പിലാക്കിക്കൊണ്ട് അനദ്ധ്യാപകരുടെ തസ്തിക പുനർ നിർണ്ണയിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഒരുപാട് സംഘടനകൾ ഉണ്ട്. പക്ഷേ എയ്ഡഡ് കോളേജ് അനദ്ധ്യാപകരുടെ സംഘടനകൾക്കാണ് കേരളത്തിൽ ഏറ്റവും ശക്തമായ നേതൃത്വമുള്ളത്. കാരണം എയ്ഡഡ് കോളേജ് അനദ്ധ്യാപക സംഘടനയ്ക്ക് നേതൃത്വം നൽകുന്നത് സഭയിലെ ഏറ്റവും പ്രബലരും പ്രമുഖരുമായ രണ്ടംഗങ്ങളായ ശ്രീ. എം. മുതലിയും ശ്രീ. പി. ജയരാജനുമാണ്. അതുകൊണ്ടു തന്നെ അവരുടെ ആവശ്യങ്ങളോട് പുറം തിരിഞ്ഞു നിൽക്കാൻ ഈ ഗവൺമെന്റിന് കഴിയില്ല. മാത്രമല്ല, ജീവനക്കാരുടെ ആവശ്യങ്ങളോട് പുറംതിരിഞ്ഞു നിൽക്കുന്ന സമീപനം ഈ ഗവൺമെന്റിനില്ല. വിശേഷിച്ച് ഈ സാഹചര്യത്തിൽ അത് ചിന്തിക്കാനേ കഴിയില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം ഈ രണ്ടു സംഘടനകളുടേയും സമ്മേളനങ്ങളിൽത്തന്നെ പോയി ഞാൻ ചർച്ച ചെയ്തതാണ്. അദ്ധ്യാപക തസ്തികയുടെ കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം പറഞ്ഞ വികാരം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് അതേ രീതിയിൽ അനദ്ധ്യാപകരുടെ കാര്യത്തിലും തീരുമാനം എടുക്കും അത് നടപ്പാക്കും എന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പ് നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly